# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 972 | 12/06/2014 ൽ മറുപടിക്ക്

### എസ്. എസ് . എ . ഫണ്ടിന്റെ വിനിയോഗം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി കെ. എസ്. സലീഖ | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സർവ്വശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുക മുഴുവൻ ചെലവഴിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) യും | സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം അനുവദിക്കുന്ന മുഴുവൻ തുകയും അതാതു വർഷം ചെലവഴിക്കാറില്ല. എന്നാൽ ഓരോ വർഷത്തെയും ബാക്കി തുക അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതികൾക്കായി ചെലവാക്കുന്നു. |
| ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ബി) യും | |
| സി) എസ്. എ സ് . എ . പദ്ധതി പ്രകാരം 2011 - 12 അദ്ധ്യയന വർഷം സംസ്ഥാനത്തിന് കേന്ദ്രം എത്ര കോടി രൂപ അനുവദിച്ചു; എത്ര കോടി രൂപ ലഭിച്ചു; എത്ര കോടി രൂപ ചെലവഴിച്ചു; എത്ര കോടി രൂപ ചെലവഴിക്കാതെ ലാപ്സാക്കി എന്നിവ വ്യക്തമാക്കുമോ; | | 2011 –12 അദ്ധ്യയന വർഷം 476 കോടി രൂപ പദ്ധതി അടങ്കലായി അനുവദിക്കുകയും കേന്ദ്ര വിഹിതം 170 കോടിയും സംസ്ഥാനവിഹിതം 115 കോടിയും ഫിനാൻസ് കമ്മിഷൻ അവാർഡായി 27 കോടി രൂപയും ലഭിച്ചു. മുൻ വർഷങ്ങളിലെ നീക്കിയിരുപ്പും ബാങ്ക് പലിശയും മറ്റിനങ്ങളും ഉൾപ്പെടെ 126 കോടിയും ചേർത്ത് ആകെ 438 കോടിയിൽ 249 കോടി രൂപ ചെലവഴിച്ചു. 189 കോടി രൂപ നീക്കിയിരുപ്പുള്ളത് തുടർ വർഷത്തെ പദ്ധതി ചെലവുകൾക്കായി വിനിയോഗിക്കുന്നതാണ്. |
| ഡി) 2012 -13, 2013-14 എന്നീ അദ്ധ്യയനവർഷങ്ങളിൽ പ്രസ്തുത പദ്ധതി പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരിന് ഓരോ വർഷത്തിലും എത്ര കോടി രൂപ അനുവദിച്ചു; എത്ര കോടി രൂപ ലഭിച്ചു; എത്ര കോടി രൂപചെലവഴിച്ചു; എത്ര കോടി രൂപ ചെലവഴിക്കാതെ ലാപ്സാക്കി; വിശദാംശം വ്യക്തമാക്കുമോ; | ഡി) | 2012–13 വർഷം 523 കോടി രൂപ പദ്ധതി അടങ്കലായി എം.എച്ച്.ആർ.ഡി. അനുവദിച്ചു. കേന്ദ്ര സംസ്ഥാന വിഹിതമായി 290 കോടി രൂപ ലഭിച്ചു. മുൻ വർഷത്തിലെ നീക്കിയിരുപ്പായ 189 കോടിയും, മറ്റിനങ്ങളും ചേർത്ത് 197 കോടിയും ഉൾപ്പെടെ ആകെയുള്ള 487 കോടിയിൽ 399 കോടി ചെലവഴിച്ചു. 88 കോടി നീക്കിയിരുപ്പ് തുടർ വർഷത്തെ ചെലവുകൾക്കായി ഉപയോഗിക്കുന്നതാണ്.<br>2013–14 വർഷം 402 കോടി പദ്ധതിഅടങ്കലായി എം.എച്ച്.ആർ.ഡി അനുവദിക്കുകയും കേന്ദ്രസംസ്ഥാന വിഹിതമായി 356 കോടി ലഭിക്കുകയും മുൻ വർഷങ്ങളിലെ നീക്കിയിരുപ്പായ 88 കോടിയും മറ്റിനങ്ങളിലെ 8 കോടിയും ചേർത്തുള്ള 452 കോടിയിൽ 405 കോടി രൂപ ചെലവഴിച്ചു. 47 കോടി രൂപ ചെലവഴിക്കാതെ നീക്കിയിരുപ്പുണ്ട്. |

| | | | |
|---|---|---|---|
| ഇ) | എസ്.എസ്.എ. പദ്ധതിക്കായി 20 1 4 - 1 5 അദ്ധ്യയനവർഷം എത്ര കോടി രൂപ അനു വദിച്ചു ; ആയ തിൽനാളിതുവരെ എത്ര കോടി തുക ചെലവഴിച്ചു ; വ്യ ക്തമാക്കമോ; | ഇ) | 2014-2015 അദ്ധ്യയന വർഷം പദ്ധതി അടങ്കലായി 429.8 കോടി രൂപ എം.എച്ച്.ആർ.ഡി അനുവദിച്ചു. കേന്ദ്ര സംസ്ഥാന വിഹിതം ഇതുവരെ ലഭിച്ചിട്ടില്ല. കഴിഞ്ഞ വർഷത്തെ 47 കോടി രൂപ നീക്കിയിരുപ്പിൽനിന്ന് 1.54 കോടി രൂപ 31.5.2014 വരെ ചെലവഴിച്ചു. |
| എഫ്) | സ്കൂളുകളിലെ നിർമ്മാണപ്രവർത്തന ങ്ങളുടെയും അറ്റകുറ്റപ്പണികളു ടെയും പേരിൽ എസ്.എസ്.എ. യുടെ പണം വൻ തോതിൽ വകമാറ്റുന്ന തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ എന്തു നടപടിസ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എം.എച്ച് ആർ.ഡി സിവിൽ വർക്കിനായി അനുവദിക്കുന്ന തുക സ്കൂളുകളിലെ അറ്റകുറ്റപണികൾക്കും, നിർമാണപ്രവർത്തനങ്ങൾക്കുമായാണ് വിനിയോഗിക്കുന്നത്. |
| ജി) | പഠനം സുഗമമാക്കുന്നതിനുള്ള വർക്ക് ഷീറ്റുകളും, പാഠപുസ്തകവുമായി ബന്ധപ്പെട്ടവർക്ക് കിറ്റുകളും, മറ്റും അച്ചടിക്കുന്നതിന്റെ പേരിൽ അഴിമതി നടക്കുന്നു വെന്ന ആരോപണം ശ്രദ്ധ യിൽ പ്പെ ട്ടി ട്ടു ണ്ടോ; എങ്കിൽ ഇത്തരം അഴിമതി നടത്തുന്ന എസ്. എ സ് . എ . യിലെ ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ജി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ